പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3816 17.12.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ ഏതെല്ലാം വസ്തുവകകളാണ് പണയപ്പെടുത്തിയതെന്നും എത്ര രൂപ കടമെടുത്തുവെന്നും പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്ക് ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

(എ) 2013-14 സാമ്പത്തിക വർഷം മുതൽ KSRTC വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വസ്തുവകകൾ ഈടായി നൽകി വായ്പയെടുത്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വായ്പാ തുക (രൂപയിൽ) | ഈടായി നൽകിയ വസ്തുവകകൾ |
|---|---|---|
| ഹഡ്കോ | 153 കോടി | മാനന്തവാടി, കാട്ടാക്കട |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 200 കോടി | എടപ്പാൾ, ആലുവ, കോഴിക്കോട് റീജിയണൽ വർക്ക് ഷോപ്പുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 91 കോടി | എറണാകുളം ബസ് സ്റ്റേഷൻ, കാരിക്കാമുറി, പെരുമാനൂർ ബോട്ട് യാർഡ്, തേവര |

ഹഡ്കോയിൽ നിന്നുമെടുത്ത വായ്പ ബസ്സുകൾ വാങ്ങാനും, പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പ പ്രവർത്തന മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ